**No. CEE/3600/ KEAM-2021/TA2**

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# പത്രക്കുറിപ്പ്

## എഞ്ചിനീയറിംഗ്, ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലെ പ്രവേശനം–2021

## രണ്ടാം ഘട്ട അലോട്ട്മെന്റ് – സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകളിലെ പ്രവേശനം 05.11.2021 വരെ ദീർഘിപ്പിച്ചു

**2021–അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോഴ്സുകളിൽ സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച് ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികൾ 05.11.2021 ഉച്ചയ്ക്ക് 12 മണിക്ക് മുമ്പായി അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.** അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ 05.11.2021 ഉച്ചയ്ക്ക് 12 മണിക്ക് മുമ്പായി ഹാജരായി പ്രവേശനം നേടാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിലെ ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. മൂന്നാം ഘട്ട അലോട്ട്മെന്റ് നടപടികൾ **5.11.2021** ന് ആരംഭിക്കും. പ്രസ്തുത ഘട്ടത്തിൽ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദാക്കുന്നതിനും പുതുതായി ഉൾപ്പെടുത്തിയ കോളേജുകൾ/കോഴ്സുകളിലേക്ക് ഓപ്ഷനുകൾ നൽകുന്നതിനും **8.11.2021 ഉച്ചയ്ക്ക് 1 മണി വരെ** വിദ്യാർത്ഥികൾക്ക് അവസരം ഉണ്ടായിരിക്കും. മൂന്നാം ഘട്ട ഓപ്ഷൻ നടപടികളിൽ പങ്കെടുക്കണമെങ്കിൽ നിലവിൽ സർക്കാർ/സർക്കാർ എയ്ഡഡ് കോളേജുകളിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ 5.11.2021 ഉച്ചയ്ക്ക് 12 നകം ബന്ധപ്പെട്ട കോളേജുകളിൽ ഹാജരായി പ്രവേശനം നേടിയിരിക്കണം.

സർക്കാർ/സർക്കാർ നിയന്ത്രിത/സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി കോളേജുകളിൽ ഹാജരായി പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ അഡ്മിഷൻ സ്റ്റാറ്റസ് പ്രൊഫൈൽ പേജിൽ ലഭ്യമാണ്. പ്രൊഫൈൽ പേജിൽ നൽകിയിരിക്കുന്ന അഡ്മിഷൻ സ്റ്റാറ്റസിൽ വ്യത്യാസം ഉള്ളവർ അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ ബന്ധപ്പെടേണ്ടതാണ്.

(മൂന്നാം ഘട്ട അലോട്ട്മെന്റിനെ സംബന്ധിച്ച വിശദമായ വിജ്ഞാപനം പിന്നീട് പ്രസിദ്ധീകരിക്കുന്നതാണ്.)

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
03 11.2021

**പ്രവേശന പരീക്ഷാ കമ്മീഷണർ**